**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** **09-08-2023 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് ലഭ്യതയിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ ആസ്തിവികസന പദ്ധതി പ്രകാരം ജോലി ചെയ്ത കരാറുകാരുടെ ബില്ലുകൾ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ ഓഫീസിൽ മതിയായ ഫണ്ട് ഇല്ലാത്തതുകാരണം തടഞ്ഞ് വച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | 2021-22, 2022-23 കാലഘട്ടങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2021-22, 2022-23 കാലഘട്ടങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ 705 കോടി രൂപ വീതം നീക്കിവച്ചിരുന്നു. ഇതിൽ 2021-22 ൽ 606.69 കോടി രൂപയും 2022-23 ൽ 482.07 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഫണ്ട് ഇല്ലാത്തതുകാരണം ചീഫ് എഞ്ചിനീയർ ഓഫീസിൽ കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതു മൂലം ആസ്തി വികസന പദ്ധതിയുടെ വർക്കുകൾ ഏറ്റെടുക്കുവാൻ കരാറുകാർ വിമുഖത കാണിക്കുന്ന പ്രശ്നം ഒഴിവാക്കുന്നതിന് കൃത്യസമയത്ത് ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | 2023-24 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്കായി എൽ.എസ്.ജി.ഡി ചീഫ് എൻജിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 4515-00-800-96-Projects under LAC-ADS-NP-V എന്ന ശീർഷകത്തിൽ 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുക ആവശ്യമായി വരുന്നപക്ഷം അധികധനാനുമതിയിലൂടെ അനുവദിക്കുന്നതിനും ധനവകുപ്പ് ശ്രദ്ധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ